## ഒരു മനുഷ്യന് മാലാഖയെ തന്റെ ഭവനത്തിലേക്ക് വിളിച്ചുവരുത്തുവാൻ സാധിക്കുമോ?

## ഒരു മനുഷ്യന് മാലാഖയെ മറ്റു ഭവനങ്ങളിലേക്ക് പറഞ്ഞയക്കുവാൻ കഴിയുമോ?

ഈ ദിവസങ്ങളിൽ ചില ക്രിസ്തീയ കുടുംബങ്ങളിൽ മാലാഖമാരെ വിളിച്ചുവരുത്തി തങ്ങളുടെ കാര്യങ്ങൾ സാധിക്കുന്നതിനുവേണ്ടി ചില നടപടിക്രമങ്ങൾ ചെയ്യുന്നതായും തുടർന്ന് ആ മാലാഖമാരെ മറ്റു ഭവനങ്ങളിലേക്ക് യാത്രയാക്കുന്നതായും അറിയുന്നു.

ഒരു വ്യക്തിക്ക് മാലാഖയെ വിളിച്ചുവരുത്തുവാനും വേറെ ഭവനങ്ങളിലേക്ക് പറഞ്ഞയക്കാനും കഴിയുമോ?

ഈ ചോദ്യങ്ങൾക്ക് ഉത്തരം പറയുന്നതിനുമുമ്പായി മാലാഖമാരെക്കുറിച്ചും പിശാചിനെക്കുറിച്ചും പൊതുവായ ചില കാര്യങ്ങൾ അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണ്.

### 1. ആരാണ് മാലാഖമാർ?

മാലാഖമാർ ഉൾപ്പെടെ എല്ലാവരേയും ദൈവമാണ് സൃഷ്ടിച്ചത്. മാലാഖമാർ സ്വർഗവാസികളാണ്. അതുകൊണ്ടുതന്നെ അവർ അരൂപികളാണ്. വിശുദ്ധഗ്രന്ഥത്തിൽ ചില മാലാഖമാരുടെ പേരുകൾ പ്രത്യേകം എടുത്തുപറയുന്നതായി കാണുന്നുണ്ട്. ഉദാഹരണത്തിന് തോബിത്തിന്റെ പുസ്തകം 3;16-17ൽ റാഫേൽ മാലാഖയെക്കുറിച്ചും, ലൂക്ക 1;11-13, 26-27-ൽ ഗബ്രിയേൽ മാലാഖയെക്കുറിച്ചും, വെളിപാട് പുസ്തകത്തിൽ 12;7-9ൽ മിഖായേൽ മാലാഖയെക്കുറിച്ചും വ്യക്തമായി പറയുന്നുണ്ട്. മത്തായിയുടെ സുവിശേഷത്തിൽ 18;10-11ൽ യേശുനാഥൻ കാവൽമാലഖമാരെക്കുറിച്ചു പറയുന്നതായി നാം കാണുന്നു. ഇതു കൂടാതെ മാലാഖമാരുടെ സാന്നിദ്ധ്യത്തെക്കുറിച്ച് പഴയനിയമത്തിലും പുതിയ നിയമത്തിലും പല സന്ദർഭങ്ങളിലും വ്യക്തമായി പറയുന്നുണ്ട്. ചില സാഹചര്യങ്ങളിൽ, മനുഷ്യന് ദൃശ്യമാകുന്ന രീതിയിൽ പ്രത്യേക്ഷപ്പെടാനും മാലാഖമാരെ ദൈവം അനുവദിക്കുന്നുണ്ട്. (തോബിത്ത് 3;16-17, ദാനിയേൽ 3;24-25, ലൂക്ക്1;11-13, 26-27, 24:4 അപ്പ 1;10)

### മാലാഖമാരുടെ ദൗത്യങ്ങൾ

a) സ്വർഗത്തിൽ ദൈവത്തെ നിത്യമായി ആരാധിക്കുക എന്നതാണ് മാലാഖമാരുടെ പ്രധാന ദൗത്യം (വെളിപാട് 4;8)

b) മാലാഖമാരുടെ മറ്റൊരു ദൗത്യം ദൈവത്തെ ശുശ്രൂഷിക്കുക അഥവാ സേവിക്കുക എന്നതാണ്.

ദൈവപുത്രനായ യേശുനാഥന്റെ 40 ദിവസത്തെ മരുഭൂമിയിലെ ഉപവാസത്തിനുശേഷം പിശാച് പ്രലോഭനത്തിനായി ചെല്ലുന്നുണ്ട്. പിശാചിന്റെ മേൽ വിജയം നേടിയ കർത്താ

www.malankaralibrary.com

വിനെ മാലാഖമാർ ശുശ്രൂഷിക്കുന്നതായി നാം വായിക്കുന്നു. (മത്തായി 4;11)

c) ദൈവത്തിന്റെ സന്ദേശം മനുഷ്യരെ അറിയിക്കുക എന്നതാണ് മാലാഖയുടെ വേറൊരു ദൗത്യം. പരിശുദ്ധമാതാവിനെ മംഗലവാർത്ത അറിയിക്കാൻ ദൈവം നിയോഗിച്ചത് ഗബ്രിയേൽ മാലാഖയെയാണ്. (ലൂക്ക 1;26-27)

d) വിശുദ്ധ ഗ്രന്ഥം പരിശോധിക്കുമ്പോൾ മാലാഖയുടെ മറ്റൊരു ദൗത്യമായിട്ട് നാം കാണുന്നത് ദൈവത്തിന്റെ നിർദ്ദേശം അനുസരിച്ച് മനുഷ്യരെ സഹായിക്കുക എന്നതാണ്. ഉദാഹരണത്തിന് റാഫേൽ മാലാഖയെ തോബിത്തിന്റെ പ്രാർത്ഥന ശ്രവിച്ച ദൈവം തോബിത്തിനെ സുഖപ്പെടുത്താനും തോബിയാസിനെ സഹായിക്കാനും നിയോഗിക്കുന്നു. (തോബിത്ത് 3,16-17)

പുതിയ നിയമത്തിൽ വിശുദ്ധ ഔസേപ്പിതാവിന് മാതാവിനെക്കുറിച്ചുള്ള തെറ്റിദ്ധാരണ നീക്കുവാനും ദൈവീക പദ്ധതികൾ ശരിയായ രീതിയിൽ ഗ്രഹിക്കുവാനും ദൈവം മാലാഖയെ നിയോഗിക്കുന്നു. (മത്തായി 1;20-21, 2;13, 19-20)

## 2. പിശാചുകൾ എങ്ങിനെ ഉണ്ടായി?

മാലാഖമാരെക്കുറിച്ച് പ്രത്യേകമായി മനസ്സിലാക്കുന്ന ഈ സാഹചര്യത്തിൽ സഭാ പ്രബോധനത്തിലും വിശുദ്ധ ഗ്രന്ഥത്തിലും പിശാചിനെക്കുറിച്ച് പറയുന്ന കാര്യങ്ങൾ അറിയേണ്ടത് ആവശ്യമാണ്. പിശാചുകൾ ദൈവത്തിന്റെ സൃഷ്ടിയല്ല കാരണം ദൈവം സർവ്വ നന്മസ്വരൂപനാണ്. ദൈവം സൃഷ്ടിച്ചതെല്ലാം നന്മയാണ്. പിശാച് തിന്മയാണ്. നന്മയായ ദൈവം ഒരിക്കലും തിന്മയെ സൃഷ്ടിക്കില്ല. അങ്ങിനെയെങ്കിൽ പിശാച് എങ്ങിനെ ഉണ്ടായി. വെളിപാടിന്റെ പുസ്തകത്തിൽ 12;7-9-ൽ സ്വർഗ്ഗത്തിൽ ഉണ്ടായ ഒരു യുദ്ധത്തെക്കുറിച്ച് പറയുന്നുണ്ട്. അതായത് ഒരു വിഭാഗം മാലാഖമാർ ദൈവത്തെ ധിക്കരിച്ചു എന്നാണ് അർത്ഥം. മിഖായേൽ മാലാഖയും അവന്റെ ദൂതന്മാരും ധിക്കരിച്ച മാലാഖമാരെ തോൽപ്പിച്ചു. തോൽപ്പിക്കപ്പെട്ടവർ സ്വർഗ്ഗത്തിൽനിന്ന് പുറത്താക്കപ്പെട്ടു. പുറത്താക്കപ്പെട്ട ഈ ദുഷ്ടാരൂപികളാണ് പിശാച് അഥവാ സാത്താൻ എന്ന് അറിയപ്പെടുന്നത് (വെളിപാട് 12:9)

പത്രോസ് ശ്ലീഹ എഴുതിയ രണ്ടാം ലേഖനത്തിൽ 2-ാം അദ്ധ്യായം 4-ാം വാക്യത്തിൽ പാപം ചെയ്ത മാലാഖമാരെയാണ് പിശാചുക്കൾ എന്ന് വിളിക്കുന്നതായി നാം കാണുന്നത്.

## എന്താണ് അവരുടെ പാപം?

അതിനുത്തരം യൂദാ 1;6ൽ നമുക്ക് കാണാം. അവിടെ പറയുന്നത് സ്വന്തം നിലമറന്ന മാലാഖമാരാണ് പിശാചുക്കളായി തീർന്നത് എന്നാണ്. സ്വന്തം നില മറക്കുക എന്നാൽ അതിനർത്ഥം അഹങ്കരിക്കുക എന്നതാണ്. അതായത് സ്വർഗത്തിൽ അഹങ്കരിച്ച ഒരു കൂട്ടം മാലാഖമാരാണ് പിശാചുക്കളായി മാറിയത്. സ്വർഗ്ഗത്തിലെ അഹങ്കാരം എന്നുപറയുന്നത് ദൈവത്തെ ആരാധിക്കുക എന്ന മാലാഖമാരുടെ പ്രധാന ദൗത്യം ഉപേക്ഷിച്ചു ദൈവത്തെപ്പോലെയാ

www.malankaralibrary.com

കാൻ ശ്രമിച്ചതാണ്. അഥവാ ദൈവത്തിനു തുല്യരാകുവാൻ ശ്രമിച്ചു എന്നതാണ്.

**പിശാച് എന്താണ് ചെയ്യുന്നത്?**

വിശുദ്ധ ഗ്രന്ഥത്തിൽ പിശാചിനെ കൗശലക്കാരൻ (ഉൽപ്പത്തി 3;1) വഞ്ചകൻ (വെളിപാട് 12;9) നുണയന്റെ പിതാവ് (യോഹന്നാൻ 8;44) എന്നൊക്കെയാണ് വിളിക്കുന്നത്. ഈ വാക്കുകൾ സൂചിപ്പിക്കുന്നത് പിശാച് നിരന്തരമായി തിന്മയെ നന്മയായി തെറ്റിദ്ധരിപ്പിച്ച് മനുഷ്യനെ പാപത്തിലേക്ക് നയിക്കുന്നു എന്നതാണ്. ഉദാഹരണത്തിന് പറുദീസായിൽ പിശാച് വിലക്കപ്പെട്ട കനി ഭക്ഷിച്ചാൽ നിങ്ങൾ ദൈവത്തെപ്പോലെയാകുമെന്ന് തെറ്റിദ്ധരിപ്പിക്കുന്നുണ്ട്. അത് വിശ്വസിച്ച് ആ കനി ഭക്ഷിച്ച ആദിമാതാപിതാക്കൾ ദൈവത്തെപ്പോലെ ആയില്ല എന്നു മാത്രമല്ല മറിച്ച് ദൈവവുമായുള്ള നല്ല ബന്ധവും പറുദീസായും നഷ്ടപ്പെടുകയും ചെയ്തു. പിശാച് ഇതേ ശൈലിയിൽ തന്നെയാണ് ഇന്നും മനുഷ്യർക്കിടയിൽ പ്രവർത്തിച്ച് മനുഷ്യനെ പാപം ചെയ്യിക്കുന്നത്.

**3. ഇനി നമുക്ക് ആദ്യം ഉന്നയിച്ച ചോദ്യത്തിന് ഉത്തരം കണ്ടെത്താം.**

**ഒരു മനുഷ്യന് മാലാഖയെ തന്റെ ഭവനത്തിലേക്ക് വിളിച്ചുവരുത്തുവാൻ സാധിക്കുമോ?**

**ഒരു മനുഷ്യന് മാലാഖയെ മറ്റു ഭവനങ്ങളിലേക്ക് പറഞ്ഞയക്കുവാൻ കഴിയുമോ?**

എനിക്ക് മാലാഖയെ വിളിച്ചുവരുത്താനും മറ്റു വ്യക്തികളിലേക്ക് നിയോഗിക്കുവാനും അധികാരമുണ്ടോ? സ്വർഗവാസികളായ മാലാഖമാർ ദൈവത്തിന്റെ ദാസന്മാരാണ്. ദൈവത്തിന്റെ ആജ്ഞപ്രകാരം മാത്രമാണ് ഭൂമിയിൽ പ്രത്യേക്ഷപ്പെട്ട് മനുഷ്യരെ ചില പ്രത്യേക സാഹചര്യത്തിൽ സഹായിക്കുന്നതായിട്ട് വിശുദ്ധ ഗ്രന്ഥത്തിലൂടെ നാം മനസ്സിലാക്കിയത്. എന്നാൽ നമുക്ക് ഓരോരുത്തർക്കും ദൈവം തന്നിട്ടുള്ള കാവൽ മാലാഖയുടെ ദൗത്യം, നമ്മെ തിന്മയിൽ നിന്നു കാത്തുകൊള്ളുവാനും നന്മയിൽ ജീവിക്കുവാൻ നമ്മെ സഹായിക്കുക എന്നതുമാണ്. കാവൽ മാലാഖ നിരന്തരം നമ്മുടെ ഒപ്പം ഉണ്ട്. പ്രത്യേകം വിളിച്ചുവരുത്തേണ്ട ആവശ്യമില്ല. ഞാൻ വിളിച്ചാൽ മാലാഖ എന്റെ വീട്ടിലേക്ക് വരും, ഞാൻ പറയുന്ന വീടുകളിലേക്ക് പോകും എന്നൊക്കെ പറയുകയും വിശ്വസിക്കുകയും ചെയ്യുമ്പോൾ മാലാഖമാരെക്കുറിച്ച് സഭ പഠിപ്പിക്കുന്നതിനും വിശുദ്ധ ഗ്രന്ഥത്തിലൂടെ മാലാഖമാരെക്കുറിച്ച് നമുക്ക് ലഭിക്കുന്ന അറിവിനും എതിരായ ഗുരുതരമായ തെറ്റാണ്. മാത്രമല്ല അന്ധവിശ്വാസമാണ്. അന്ധവിശ്വാസത്തിന്റെ പിന്നിൽ പ്രവർത്തിക്കുന്നത് കൗശലക്കാരനായ പിശാചാണ്.

മനുഷ്യരായ നമുക്ക് ഒരിക്കലും സ്വർഗവാസികളായ മാലാഖമാരെ തന്റെ ഭവനത്തിലേക്ക് വിളിച്ചു വരുത്തുവാനും മറ്റു ഭവനങ്ങളിലേക്ക് പറഞ്ഞയക്കുവാനുമുള്ള അധികാരമില്ല. കാരണം മാലാഖമാർ ദൈവത്തിന്റെ മാത്രം ദാസന്മാരാണ്. മനുഷ്യരായ നമ്മുടെ ദാസരല്ല. ഞാൻ വിളിച്ചാൽ എന്റെ വിളികേട്ട് എന്റെ ഭവനത്തിലേക്ക് മാലാഖ വരും എന്ന് ചിന്തിക്കുകയും പറയുകയും വിശ്വസിക്കുകയും ചെയ്യുന്നതുതന്നെ വലിയ അഹങ്കാരമാണ്. ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നത് അഹങ്കാരിയും കൗശലക്കാരനുമായ പിശാച് തന്നെയാണ്.

www.malankaralibrary.com

മാലാഖമാരെ വിളിച്ചുവരുത്തുന്ന ഈ അന്ധവിശ്വാസത്തിലെ ചില പ്രവർത്തികൾ പരിശോധിച്ചാൽ ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നത് പിശാചു തന്നെയാണ് എന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ഉദാഹരണത്തിന് മാലാഖയെ സ്വീകരിക്കുന്ന വീടുകളിൽ മാലാഖയ്ക്കു വേണ്ടി അൾത്താര ഒരുക്കുവാൻ പറയുന്നുണ്ട്.

നമ്മുടെ ക്രിസ്തീയ വിശ്വാസം അനുസരിച്ച് അൾത്താര എന്നത് പരിശുദ്ധ കുർബാനയുമായി നേരിട്ട് ബന്ധപ്പെട്ട ദൈവിക സാന്നിദ്ധ്യത്തിന്റെ വിശുദ്ധ ഇടമാണ്. അത് മാലാഖയുടെ ഇടമല്ല. അങ്ങിനെയെങ്കിൽ അൾത്താരയെ മാലാഖയുടെ ഇടമാക്കി നാം കാണുകയും മാറ്റുകയും ചെയ്യുമ്പോൾ മാലാഖയ്ക്ക് ദൈവത്തിന്റെ സ്ഥാനം കൊടുക്കുന്നതിന് തുല്യമാണ്. അപ്രകാരമുള്ള പ്രവൃത്തി ഒന്നാം പ്രമാണത്തിന്റെ ലംഘനമാണ്. ദൈവ പ്രമാണങ്ങൾ ലംഘിക്കുവാൻ മനുഷ്യനെ എന്നും പ്രേരിപ്പിക്കുന്നത് പിശാചാണ്.

ഇതുകൂടാതെ മാലാഖമാരെ സ്വീകരിക്കുന്ന ഭവനങ്ങളിൽ വെള്ള റോസാപ്പൂ, വെള്ളം, ആപ്പിൾ, വെള്ളതിരി എന്നിവ ഒരുക്കി വെക്കേണ്ടതായി പറയുന്നുണ്ട്. ഈ ഒരു ശൈലി മന്ത്രവാദത്തിന്റെ ശൈലിയാണ്. മന്ത്രവാദത്തിനു പിന്നിലും പ്രവർത്തിക്കുന്നത് പിശാചാണ്.

മേൽപ്പറഞ്ഞ ചടങ്ങിൽ ആപ്പിൾ മുറിച്ച് ഭക്ഷിക്കുകയും മറ്റുള്ളവരുമായി പങ്കുവെയ്ക്കുകയും ചെയ്യുന്ന കാര്യം മാത്രം ഒന്നു പരിശോധിച്ചാൽ ഇതിന് ഉൽപത്തി പുസ്തകത്തിലെ ഒരു കനിയുമായി ബന്ധം ഉണ്ടെന്ന് നമുക്ക് കാണാൻ സാധിക്കും. അവിടെ പിശാച് ഒരു വൃക്ഷത്തിന്റെ കനി ഭക്ഷിക്കുവാൻ പറയുന്നുണ്ട്. ഒപ്പം അവിടെ പങ്കുവെയ്പ്പും നടക്കുന്നു. അതിന്റ അനന്തരഫലമായി മനുഷ്യൻ തിന്മയിൽ നിപതിക്കുന്നതായും നാം കാണുന്നു. പറുദീസായിൽ ഒരു വൃക്ഷത്തിന്റെ കനി ഭക്ഷിക്കാൻ പ്രേരിപ്പിച്ച കൗശലക്കാരനായ അതേ പിശാച് തന്നെയാണ് മാലാഖമാരെ സ്വീകരിക്കുക എന്ന അന്ധവിശ്വാസത്തിന്റെ ഭാഗമായി വൃക്ഷത്തിന്റെ കനി ഭക്ഷിക്കുവാനും പങ്കുവയ്ക്കുവാനും നമ്മെ പ്രേരിപ്പിക്കുന്നത്.

### 4. എന്തിനുവേണ്ടിയാണ് പിശാച് ഇത്തരത്തിലുള്ള അന്ധവിശ്വാസങ്ങൾ പ്രചരിപ്പിക്കുന്നത്?

ഒരു യഥാർത്ഥ ദൈവവിശ്വാസിയോട് ചേർന്ന് പ്രവർത്തിക്കുവാൻ പിശാചിന് എളുപ്പമല്ല. കാരണം ശരിയായ ദൈവവിശ്വാസം മനുഷ്യന് പിശാചിൽ നിന്നും പരിപൂർണ്ണമായ സംരക്ഷണം നൽകുന്നു. എന്നാൽ ഒരു വിശ്വാസിയിൽ അല്പം അന്ധവിശ്വാസം ഉണ്ടെങ്കിൽ ആ അന്ധവിശ്വാസത്തോടുചേർന്ന് ആ മനുഷ്യനെ കൂടുതൽ പാപം ചെയ്യിപ്പിക്കുവാൻ പിശാചിന് എളുപ്പമാണ്. അതുകൊണ്ടാണ് കാലാകാലങ്ങളിൽ നുണയന്റെ പിതാവ്, കൗശലക്കാരനായ പിശാച് പല വ്യക്തികളിലൂടെ പലവിധത്തിലുള്ള അന്ധവിശ്വാസങ്ങൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്.

മാലാഖയെ വിളിച്ചുവരുത്തുന്ന അന്ധവിശ്വാസവുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ സാധിച്ചുകിട്ടുന്നതായിട്ട് ചിലർ പറയുന്നുണ്ട്. അന്ധവിശ്വാസം പ്രചരിപ്പിച്ച് ആ വ്യക്തികൾക്ക് ആത്മനാശം ഉറപ്പുവരുത്തുന്നതിനായി പിശാചിന് ചില കാര്യങ്ങൾ സാധിച്ചുകൊടുക്കുവാൻ കഴിയും. കർത്താവിനെ പരീക്ഷിക്കുവാൻ ചെന്ന പിശാച് കർത്താവിനെ ഒരു മലയുടെ

www.malankaralibrary.com

മുകളിൽ കേറ്റി ഈ ലോകത്തിന്റേതായ പലതും കാണിച്ചു കൊടുത്തുകൊണ്ട് പറഞ്ഞത് എന്നെ ആരാധിച്ചാൽ ഇതൊക്കെ തരാം എന്നാണ്. അന്ധവിശ്വാസത്തിൽപ്പെട്ടു പോകുന്നവർ പിശാചിനെ തന്നെയാണ് ആരാധിക്കുന്നത്. അങ്ങിനെയുള്ളവർക്ക് പിശാച് പലതും കൊടുക്കും. ഇങ്ങനെ പിശാച് കൊടുക്കുന്നത് ഇതിന്റെ പിന്നിൽ ദൈവത്തിന്റെ പ്രവർത്തനം ഉണ്ടെന്ന് മനുഷ്യനെ തെറ്റിദ്ധരിപ്പിക്കുന്നതിനുവേണ്ടിയാണ്. എന്നാൽ അവസാനം ഒരു മനുഷ്യന്റെ ഏറ്റവും പ്രധാനവും വിലപ്പെട്ടതുമായ ആത്മാവിനെ അവൻ നരകത്തിലേക്ക് കൊണ്ടുപോകുന്നു. അതുകൊണ്ടാണ് ഈശോ പറഞ്ഞത് 'മനുഷ്യാ നീ ലോകം മുഴുവൻ നേടിയാലും നിന്റെ ആത്മാവു നശിച്ചാൽ അതുകൊണ്ട് നിനക്ക് എന്ത് പ്രയോജനം.'

ഒരുവൻ അന്ധവിശ്വാസത്തിൽപ്പെടുകയും ആ അന്ധവിശ്വാസം പ്രചരിപ്പിക്കുകയും മറ്റുള്ളവർക്ക് പകർന്ന് കൊടുക്കുകയും ചെയ്യുമ്പോൾ ആ വ്യക്തി വലിയ പാപിയായി മാറുകയാണ്. കാരണം ആ വ്യക്തിയിലൂടെ മറ്റുള്ളവരും പാപികളായി മാറുന്നു. അതുകൊണ്ടാണ് മറ്റുള്ളവരെ പാപത്തിലേക്ക് പ്രേരിപ്പിക്കുന്നവരെ കഴുത്തിൽ തിരി കല്ല് കെട്ടി കടലിൽ താഴ്ത്തണമെന്ന് യേശുനാഥൻ പറയുന്നത് (മത്താ 18:6). മേൽപറഞ്ഞ വചനം അക്ഷരാർത്ഥത്തിലല്ല നാം മനസ്സിലാക്കേണ്ടത്. മറിച്ച് മറ്റുള്ളവരെ പാപത്തിലേക്ക് പ്രേരിപ്പിക്കുന്നത് വലിയ പാപമാണെന്ന സത്യം നാം മറന്നു പോകാതിരിക്കാൻ വേണ്ടിയാണ് യേശുനാഥൻ ഇപ്രകാരം പറഞ്ഞത്. മേൽപറഞ്ഞ യാഥാർത്ഥ്യങ്ങളുടെ വെളിച്ചത്തിൽ മാലാഖയെ ഭവനങ്ങളിലേക്ക് ക്ഷണിക്കുന്നതും മറ്റു ഭവനങ്ങളിലേക്ക് നിർദ്ദേശിച്ചുകൊണ്ട് ഈ അന്ധവിശ്വാസം പ്രചരിപ്പിക്കുന്നതും ഗുരുതരമായ പാപമാണ്.

## 5. ഈ വലിയ പാപത്തിൽപ്പെട്ടുപോയവർക്ക് എങ്ങിനെ ഇതിൽ നിന്നും മോചനം പ്രാപിക്കാം?

പശ്ചാത്തപിക്കുവിൻ സ്വർഗ്ഗ രാജ്യം സമീപിച്ചിരിക്കുന്നു എന്ന് അരുളിചെയ്തുകൊണ്ട് തന്റെ ആത്മീയമായ ദൗത്യം ആരംഭിച്ച യേശുനാഥന്റെ ഈ തിരുവചനത്തിൽ തന്നെ അതിന് ഉത്തരമുണ്ട്. പശ്ചാത്താപത്തിന്റെ കൂദാശയാണ് കുമ്പസാരം. പശ്ചാത്തപിക്കുന്നവർക്ക് പാപമോചനം നൽകാൻ തന്റെ ശിഷ്യന്മാർക്കും അവരുടെ പിൻഗാമികൾക്കും യോശുനാഥൻ അധികാരം നൽകിയിട്ടുണ്ട്. ആയതിനാൽ മേൽപറഞ്ഞ അന്ധവിശ്വാസത്തിൽപ്പെട്ടുപോയവർ കുമ്പസാരത്തിൽ അത് ഏറ്റുപറഞ്ഞാൽ കർത്താവ് അവരോട് ക്ഷമിക്കുകയും അവർക്ക് പാപത്തിൽ നിന്ന് മോചനം ലഭിക്കുകയും ചെയ്യും. എന്നാൽ കോവിഡ് നിലവിലുള്ള ഈ സാഹചര്യത്തിൽ കുമ്പസാരിക്കുവാൻ പ്രായോഗികമായി ചില ബുദ്ധിമുട്ടുകളുണ്ട്. അതുകൊണ്ട് കുമ്പസാരിക്കുവാനുള്ള സാഹചര്യം അനുകൂലമാകുമ്പോൾ എത്രയും വേഗം കുമ്പസാരിക്കാം എന്ന് ഉറച്ച തീരുമാനം എടുക്കുകയും, ഇപ്പോൾ താൽക്കാലിക പരിഹാരം എന്ന നിലയിൽ ഈ അന്ധവിശ്വാസത്തിൽപ്പെട്ടുപോയ കുടുംബാംഗങ്ങൾ ഒന്നിച്ച് 3 ജപമാല തുടർച്ചയായി ചൊല്ലി പരിശുദ്ധ ഫാത്തിമ മാതാവിന്റെ സ്തുതിക്കായി കാഴ്ചവെയ്ക്കണം. പരിശുദ്ധ ജപമാല കൗശലക്കാരനായ പിശാചിനെതിരായ ശക്തമായ ആയുധമാണ്. മാത്രമല്ല ഇത്തരത്തിലുള്ള പൈശാചികമായ കെണിയിൽപ്പെടാതിരിക്കുവാൻ പരിശുദ്ധ മാതാവ് നമ്മളെ കാത്തുകൊള്ളുകയും ചെയ്യും.

– ഫാ. പ്രിൻസ് മാളിയേക്കൽ

സഹവികാരി, സെന്റ് പീറ്റർ & പോൾ ചർച്ച്, അമരാവതി

www.malankaralibrary.com